## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2304** **05.12.2018 -ൽ മറുപടിക്ക്.**

### പൊതുവിതരണസംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ**<br>**" പി. ഉണ്ണി**<br>**" കാരാട്ട് റസാഖ്**<br>**" വി.ജോയി:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പൊതു വിതരണ സംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കാൻ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഏതെല്ലാം സാധ്യതകളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് ; | (എ) സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ(ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട് റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത്, യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻ കാർഡുകൾ കിട്ടുന്നതിന് അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം. ഇപ്രകാരം ആധുനിക ശാസ്ത്ര, സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും ജനോപകാരപ്രദവുമായി മാറിയിട്ടുണ്ട്. |

| | |
|---|---|
| (ബി) റേഷൻ കാർഡ് സംബന്ധിച്ച അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം, എന്റെ റേഷൻ കാർഡ് മൊബൈൽ ആപ്പ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;<br><br>(സി) പൊതുജനങ്ങൾക്ക് ഈ സംവിധാനങ്ങളിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ വിശദമാക്കാമോ; | (ബി) യും (സി) യും: ഉണ്ട്. റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം വഴി പുതിയ റേഷൻ കാർഡിനും ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡിനും മറ്റു റേഷൻ കാർഡ് അനുബന്ധ സേവനങ്ങൾക്കും അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷിക്കാൻ സാധിക്കും. "എന്റെ റേഷൻ കാർഡ്" എന്ന മൊബൈൽ ആപ് വഴി കാർഡ് വിവരങ്ങളും കാർഡ് സംബന്ധമായ ആപ്ലിക്കേഷൻ വിവരങ്ങളും റേഷൻ വിഹിതം സംബന്ധിച്ച വിവരങ്ങളും അറിയാൻ സാധിക്കും. |
| (ഡി) റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങളും പലവ്യഞ്ജനങ്ങളും വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ? | (ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇല്ലാത്ത/ നോൺ മാവേലി സാധനങ്ങൾ റേഷൻ കട വഴി വിൽക്കുന്ന പദ്ധതി 18.05.2018ൽ കണ്ണൂരിൽ വച്ച് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തി സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ആലോചിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**